## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ, ഐ.എ.എസ്.)

വിഷയം:- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സ.ഉ.(പി) നം. 23/2010/സാ.നീ.വ., തീയതി : 30/03/2010
2) വനിതാ ശിശുവികസന ഡയറക്ടറുടെ 10/02/2025 ലെ DWCD/5259/2024-E8 നമ്പർ വിജ്ഞാപനം
3) വനിതാ ശിശുവികസന ഡയറക്ടറുടെ 01/02/2025 ലെ DWCD/86/2025-E1 നമ്പർ വിജ്ഞാപനം

### ഉത്തരവ് നം. DWCD/1243/2025-E1 തീയതി: 07-05-2025

വനിതാ ശിശുവികസന വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് 1 : 4 എന്ന അനുപാതത്തിൽ കേരള പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനവും ഫീഡർ കാറ്റഗറിയിൽ നിന്നുള്ള ഉദ്യോഗക്കയറ്റം മുഖേനയുള്ള നിയമനവുമാണ് പരാമർശം (1) പ്രകാരം വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ 2025 വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഉദ്യോഗക്കയറ്റം നൽകുന്നതിനായി പരാമർശം (2) പ്രകാരം സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ക്രമനമ്പർ 4 വരെയുള്ളവർക്ക് ഇതിനകം ഉദ്യോഗക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്.

2) ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം മുഖേന നിയമനം നടത്തേണ്ട 8 ഒഴിവുകൾ നിലവിലുണ്ട്. ഈ സാഹചര്യത്തിൽ 2025-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ പേര് ചേർക്കുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ ഇപ്പോൾ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരാണ്.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | 2025 ലെ സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| 1 | ശ്രീമതി ഷഹനാസ് ബീഗം റ്റി.<br>(PEN 675624) | 5 |
| 2 | ശ്രീമതി പങ്കജാക്ഷി കോട്ടൂർ<br>(PEN 636999) | 6 |
| 3 | ശ്രീമതി എം. തില<br>(PEN 667385) | 7 |
| 4 | ശ്രീമതി ഷൈലജ പി. പി.<br>(PEN 707527) | 8 |
| 5 | ശ്രീമതി രമണി എൻ. എ.<br>(PEN 706757) | 9 |
| 6 | ശ്രീമതി ശ്രീലത റ്റി. വി.<br>(PEN 706820) | 10 |

| | | |
|---|---|---|
| 7 | ശ്രീമതി ഗീതകുമാരി വി. ജി.<br>(PEN 706194) | 11 |
| 8 | ശ്രീമതി ജിഷ പി. ജി.<br>(PEN 507437) | 12 |

3) ഉദ്യോഗക്കയറ്റത്തിന് അർഹതയുള്ള മേൽ വിവരിച്ച ICDS സൂപ്പർവൈസർമാർക്ക് KS & SSR Rule 28(A)(1) പ്രകാരം 50200 - 105300 രൂപ ശമ്പള നിരക്കിൽ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പറയുന്ന പ്രകാരം പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും നിലവിലെ തസ്തികയും കാര്യാലയവും | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീമതി ഷഹനാസ് ബീഗം റ്റി.<br>(PEN 675624)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>നിലമ്പൂർ അഡിഷണൽ | ശിശുവികസന പദ്ധതി ഓഫീസർ<br>മൂവാറ്റുപുഴ<br>അഡിഷണൽ | ഉദ്യോഗക്കയറ്റം |
| 2 | ശ്രീമതി പങ്കജാക്ഷി കോട്ടൂർ<br>(PEN 636999)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>തളിപ്പറമ്പ് അഡിഷണൽ-1 | ശിശുവികസന പദ്ധതി ഓഫീസർ<br>കാഞ്ഞിരപ്പള്ളി<br>അഡിഷണൽ | ഉദ്യോഗക്കയറ്റം |
| 3 | ശ്രീമതി എം. തില<br>(PEN 667385)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>കൊണ്ടോട്ടി അഡിഷണൽ | ശിശുവികസന പദ്ധതി ഓഫീസർ<br>തൊടുപുഴ | ഉദ്യോഗക്കയറ്റം |
| 4 | ശ്രീമതി ഷൈലജ പി. പി.<br>(PEN 707527)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>പയ്യന്നൂർ | ശിശുവികസന പദ്ധതി ഓഫീസർ<br>അടിമാലി | ഉദ്യോഗക്കയറ്റം |
| 5 | ശ്രീമതി രമണി എൻ. എ.<br>(PEN 706757)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ് | ശിശുവികസന പദ്ധതി ഓഫീസർ<br>കൊണ്ടോട്ടി | ഉദ്യോഗക്കയറ്റം (31/05/2025 ന് വിരമിക്കുന്ന ജീവനക്കാരി) |

| | | | |
|---|---|---|---|
| | കാഞ്ഞങ്ങാട് | | |
| 6 | ശ്രീമതി ശ്രീലത റ്റി. വി.<br>(PEN 706820)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>കാളികാവ് അഡിഷണൽ | ശിശുവികസന പദ്ധതി ഓഫീസർ<br>ശാസ്താംകോട്ട | ഉദ്യോഗക്കയറ്റം |
| 7 | ശ്രീമതി ഗീതകുമാരി വി. ജി.<br>(PEN 706194)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>പേരാവൂർ | ശിശുവികസന പദ്ധതി ഓഫീസർ<br>ചവറ | ഉദ്യോഗക്കയറ്റം |
| 8 | ശ്രീമതി ജിഷ പി. ജി.<br>(PEN 507437)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>വണ്ടൂർ അഡിഷണൽ | ശിശുവികസന പദ്ധതി ഓഫീസർ<br>പെരുങ്കടവിള<br>അഡിഷണൽ | ഉദ്യോഗക്കയറ്റം |

4) വകുപ്പിലെ ജീവനക്കാരുടെ 2025-ലെ പൊതുസ്ഥലംമാറ്റത്തിനായി പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റത്തിനുള്ള നടപടികൾ ആരംഭിക്കുകയും മേൽ പരാമർശിക്കുന്ന പ്രകാരം ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ജീവനക്കാരെ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയങ്ങൾ 2025-ലെ പൊതുസ്ഥലംമാറ്റ നടപടികൾക്കായി ഓപ്പൺ വേക്കൻസി യായി കണക്കാക്കിക്കൊണ്ട് ശിശുവികസന പദ്ധതി ഓഫീസർമാരുടെ സ്ഥലംമാറ്റ ഉത്തരവിന്റെ കരട് ഇതിനകം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരിൽ നിന്നും ലഭിക്കുന്ന ആക്ഷേപങ്ങൾ/ പരാതികൾ കൂടി പരിശോധിച്ച് തീർപ്പാക്കിക്കൊണ്ട് പൊതു സ്ഥലംമാറ്റത്തിന്റെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് (പൊതുസ്ഥലം മാറ്റത്തിന് ശേഷം ഒഴിവ് വരുന്ന കാര്യാലയത്തിലേയ്ക്ക്) ഇപ്പോൾ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന ജീവനക്കാരിയെ മാറ്റി നിയമിക്കുന്നതുമാണ്.

5) ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയുടെ വിടുതൽ/ പ്രവേശനം സംബന്ധിച്ച റിപ്പോർട്ട് (RTC) യഥാസമയം ഈ കാര്യാലയത്തിൽ തപാൽ മുഖേന ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്

പകർപ്പ് :

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2) എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
3) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4) സൂപ്രണ്ട്, IT സെൽ(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
5) സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

Signed by
Chithra T
Date: 07-05-2025 16:43:31

സൂപ്രണ്ട്